## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.834 08.03.2012 ൽ മറുപടിക്ക്

**മദ്യപിച്ച് വാഹനം ഓടിക്കുന്നവരെ പിടികൂടാൻ ആധുനിക ആൽക്കോമീറ്ററുകൾ**

| ചോദ്യം<br>ശ്രീമതി ഗീതാ ഗോപി | | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) മദ്യപിച്ച് വാഹനം ഓടിച്ച് പിടിയിലാകുന്നവർക്കെതിരെ നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | മദ്യപിച്ച് വാഹനം ഓടിച്ച് പിടിയിലാകുന്നവർക്കെതിരെ 1988 ലെ മോട്ടോർ വാഹന നിയമത്തിലെ 185-ാം വകുപ്പിനനുസൃതമായി നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിലുള്ളവരുടെ ലൈസൻസ് സസ്പെൻഡ് ചെയ്യാറുണ്ട്. |
| (ബി) മദ്യപിച്ച് വാഹനമോടിക്കുന്നവരെ പിടികൂടാൻ ആധുനിക ആൽക്കോമീറ്ററുകൾ മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | കേരളാ റോഡ് സുരക്ഷാ അതോറിറ്റി അനുവദിച്ച ഫണ്ട് ഉപയോഗിച്ച് മോട്ടോർ വാഹന വകുപ്പ് 12 ആൽക്കോമീറ്ററുകൾ നടപ്പ് സാമ്പത്തിക വർഷം വാങ്ങി വിവിധ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടുതൽ ആൽക്കോമീറ്ററുകൾ വാങ്ങുന്ന കാര്യം പരിഗണനയിലാണ്. |
| (സി) ട്രാഫിക് കുറ്റകൃത്യങ്ങൾ തടയുന്നതിന് മോട്ടോർ വാഹന വകുപ്പും പോലീസും സംയുക്തമായി പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | നിലവിൽ മോട്ടോർ വാഹന വകുപ്പിന്റെയും പോലീസ് വകുപ്പിന്റെയും എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ സാധാരണയായി പ്രത്യേകമാണ് ജോലി ചെയ്യുന്നത്. എന്നാൽ ആവശ്യമുള്ള ചില പ്രത്യേക സന്ദർഭങ്ങളിൽ സംയുക്തമായി പരിശോധന നടത്താറുമുണ്ട്. |

സെക്ഷൻ ഓഫീസർ